കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
കേരള ഗ്രാമീണ ബാങ്ക് റിട്ടയറീസ് ഫോറം
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

# സഖാവ് മുഖർജി അനുസ്മരണം

ഈ വരുന്ന മാർച്ച് 31 ന് സ. ദിലീപ് കുമാർ മുഖർജിയുടെ പത്താം ചരമവാർഷിക ദിനമാണ്. 2013 മാർച്ച് 31 നാണ് രാജ്യത്തെ മുഴുവൻ ഗ്രാമീണ ബാങ്ക് ജീവനക്കാരെയും ട്രേഡ് യൂണിയൻ പ്രവർത്തകരെയാകെയും അത്യന്തം ദു:ഖത്തിലാഴ്ത്തിയ ആ വാർത്ത നാം ശ്രവിച്ചത്. സഖാവിന്റെ പത്താമത് ചരമ വാർഷിക ദിനം സമുചിതമായി ആചരിക്കാൻ നാം തീരുമാനിച്ചിരിക്കുകയാണ്. **മാർച്ച് 26 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സഖാവിന്റെ തന്നെ നാമധേയത്തിലുള്ള ദിലീപ് മുഖർജി ഭവനിൽ വച്ച് നടക്കുന്ന അനുസ്മരണ സമ്മേളനം AIRRBEA സെക്രട്ടറി ജനറൽ സഖാവ് എസ് വെങ്കടേശ്വർ റെഡ്ഢി ഉദ്ഘാടനം ചെയ്യും. ഈ പരിപാടിയിൽ മുഴുവൻ സഖാക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

സ. ദിലീപ് മുഖർജി എന്നാൽ ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ അവകാശ പോരാട്ടങ്ങളുടെ പര്യായമെന്ന് സൂചിപ്പിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഗ്രാമീണ ബാങ്ക് ജീവനക്കാർക്കു സമൂഹമധ്യത്തിൽ ആത്മാഭിമാനത്തോടെ തലയുയർത്തി നിൽക്കാൻ ജീവിതകാലം മുഴുവൻ വിശ്രമരഹിതമായി പോരാടിയ മഹാനായ പോരാളിയായിരുന്നു അദ്ദേഹം. പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രം ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള മുഴുവൻ ഗ്രാമീണ ബാങ്കുകളിലേക്കും യാത്ര ചെയ്തു കൊണ്ട്, ജീവനക്കാരെ സംഘടിപ്പിക്കുകയും അവരെ AIRRBEA എന്ന മഹത്തായ പ്രസ്ഥാനത്തിന് കീഴിൽ അണിനിരത്തിക്കൊണ്ട് അവകാശപോരാട്ടങ്ങളുടെ പോർക്കളത്തിലേക്കു ധീരതയോടെ നയിക്കുകയും ചെയ്തത് സ. മുഖർജിയുടെ നേതൃത്വത്തിൽ ആയിരുന്നു.



ഗ്രാമീണ ബാങ്കുകളുടെ ആവിർഭാവകാലത്ത് ജീവനക്കാരെ സംഘടിപ്പിക്കുന്നതിനു തീവണ്ടികളിലെ രണ്ടാംക്ലാസ്സു മുറിയിൽ ദിവസങ്ങളോളം കന്യാകുമാരി മുതൽ കാശ്മീർ വരെ നിരന്തരമായി യാത്രചെയ്യുകയും ഡൽഹി ധനകാര്യ മന്ത്രാലയം, ബോംബെ നബാർഡ് ഹെഡ് ഓഫീസ്, 196 ഗ്രാമീണബാങ്ക് ആസ്ഥാനങ്ങൾ എന്നിവടങ്ങളിലെല്ലാം ഇടതടവില്ലാതെ എത്തി ഗ്രാമീണബാങ്കുകൾ എന്താണെന്നും എന്തിനായിരിക്കണമെന്നും അധികാരിവർഗ്ഗത്തെ പഠിപ്പിച്ച ഒരു ഉത്തമ ട്രേഡ് യൂണിയൻ നേതാവായിരുന്നു സ. മുഖർജി. ഒരു പക്ഷേ ഏതൊരു മേഖലയിൽ ആയാലും സംഘടന കെട്ടിപ്പടുക്കുന്നതിനും അവകാശ പോരാട്ടങ്ങൾ നയിക്കുന്നതിനും ഇത്രയധികം യാത്രചെയ്ത മറ്റൊരു നേതാവ് രാജ്യത്തു തന്നെ അപൂർവമായിരിക്കും എന്നുതന്നെ കരുതാം.

തുല്യ ജോലിക്കു തുല്യവേതനം, ഗ്രാമീണ ബാങ്കുകൾ ഗ്രാമീണ ഇന്ത്യക്ക് എന്നീ ആശയങ്ങൾ നിശ്ചയദാർഢ്യത്തോടെ ഗ്രാമീണബാങ്ക് ജീവനക്കാരെ മാത്രമല്ല അധികാരി വർഗ്ഗത്തേയും പഠിപ്പിച്ചു കൊണ്ട് നടത്തിയ പോരാട്ടങ്ങളുടെ ഫലം ആയിരുന്നു ഗ്രാമീണബാങ്ക് ജീവനക്കാർക്ക് ലഭിച്ച വേതനതുല്യത. ഇന്നു നാം അനുഭവിക്കുന്ന ഏതൊരു ആവകാശങ്ങളുടെയും അടിസ്ഥാനം ഈ വേതന തുല്യത നേടിയെടുത്തതാണ്. ഒരു ബാങ്ക് ജീവനക്കാരൻ എന്ന ലേബലിലേക്ക് ഗ്രാമീണ ബാങ്ക് ജീവനക്കാർ എത്തുന്നതും ഈ തുല്യ ജോലിക്ക് തുല്യ വേതനം എന്ന അവകാശം നാം നേടിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ്.

നമ്മുടെ സംഘടനയുടെ ധർണ്ണയില്ലാതെ ഒരു പാർലമെന്റ് സമ്മേളനവും അക്കാലത്ത് കടന്നു പോയിട്ടില്ല. ഭരണ – പ്രതിപക്ഷ ഭേദമില്ലാതെ നിരവധി എം പി മാർ നമ്മോട് അനുഭാവം രേഖപ്പെടുത്തി ധർണയെ അഭിസംബോധന ചെയ്തു. പാർലമെന്റ് ചോദ്യോത്തരവേള ഗ്രാമീണ ബാങ്ക് സംബന്ധിച്ച് ചോദ്യങ്ങളാൽ ശ്രദ്ധേയമായി. നിരവധിയായ സമരങ്ങൾ ഗ്രാമീണ ബാങ്കുകളെ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കിമാറ്റി. നിയമ പോരാട്ടങ്ങളിലെല്ലാം നാം വിജയിച്ചു. തുല്യജോലിക്കു തുല്യവേതനം നടപ്പിലാക്കാൻ നിർദ്ദേശം നൽകണമെന്നയാവശ്യത്തോട് നാഷണൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ നിയമിച്ചു കൊണ്ട് ബഹു. സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. നാഷണൽ ട്രിബ്യൂണ

ലിനുമുമ്പാകെ ത്യാഗോജ്ജ്വലമായ പ്രവർത്തനമാണ് പിന്നീട് നാം മുഖർജിയുടെ നേതൃത്വത്തിൽ നടത്തിയത്. അനിതരസാധാരണമായ മെയ് വഴക്കത്തോടെ ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ബാങ്കുകളിലെയും സ്പോൺസർബാങ്കുകളിലേയും പ്രവർത്തനം സംബന്ധിച്ച ആയിരക്കണക്കിനു രേഖകൾ ഹാജരാക്കാൻ നമുക്ക് കഴിഞ്ഞു. നിരവധിയായ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കൾ ട്രിബ്യൂണലിനു മുമ്പാകെ മൊഴി നൽകി. ഒടുവിൽ ട്രിബ്യൂണൽ, വാണിജ്യബാങ്കിലെ ജീവനക്കാരുടെ വേതനം ഗ്രാമീൺ ബാങ്ക് ജീവനക്കാർക്കും നൽകാൻ ഉത്തരവിട്ടു. ഉത്തരവ് നടപ്പിലാക്കാനായിരുന്നു പിന്നീട് നടന്ന സമരം. മുഖർജി തന്നെ വിശേഷിപ്പിച്ചതു പോലെ Pillar to Post ഓട്ടമായിരുന്നു പിന്നീട് നടന്നത്. 1990 ഏപ്രിൽ 30 ന് തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കണമെന്ന നാഷണൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഉത്തരവ് വന്നു. 1991 ജനുവരിയിൽ ഗവണ്മെന്റ് ഉത്തരവ് വരികയും ഫെബ്രുവരിയിൽ നടപ്പിലാക്കുകയും ചെയ്തു. പലതട്ടുകളിലാക്കിനിർത്തിയിരുന്ന വ്യത്യസ്ത സേവനവേതനവ്യവസ്ഥയിൻകീഴിൽ പ്രവർത്തിക്കുന്ന 85000 ലധികം ഗ്രാമീണ ബാങ്ക് ജീവനക്കാരെ ഒരൊറ്റ സേവന വേതന വ്യവസ്ഥക്കു കീഴിൽകൊണ്ടുവന്നത് സ. മുഖർജിയുടെ നേതൃത്വത്തിൽ നാം നടത്തിയ ജാഗ്രതയോടെയുള്ള ത്യാഗോജ്ജ്വലമായ പ്രവർത്തനം ഒന്നുകൊണ്ട് മാത്രമാണ്.

തുല്യ ജോലിക്ക് തുല്യ വേതനം നേടിയെടുത്തതിന് ശേഷം നാം ആരംഭിച്ച പെൻഷൻ പോരാട്ടങ്ങളുടെ നെടുനായകത്വവും സ. മുഖർജി തന്നെയാണ് വഹിച്ചിരുന്നത്. അപ്രാപ്യമെന്ന് തോന്നിച്ച ലക്ഷ്യത്തിനായി ജീവനക്കാരെ സ്വപ്നം കാണാൻ പഠിപ്പിച്ചും, അധികാരികളോട് നിയമവശങ്ങൾ വിശദീകരിച്ചും മറ്റും നടത്തിയ പോരാട്ടങ്ങൾ പുർണ്ണമാകുന്നതിനുമുമ്പ് സഖാവ് നമ്മെ വിട്ടു പിരിഞ്ഞു. ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ ലഭ്യമാക്കാൻ സർക്കാർ ഉത്തരവ് നേടിയെടുത്തത് സ. മുഖർജി വീൽചെയറിൽ യാത്ര ചെയ്തു കൊണ്ട് അന്നത്തെ ധനമന്ത്രി ശ്രീ. പ്രണബ് മുഖർജിയെ സന്ദർശിച്ചാണ്. പിന്നീട് വന്ന ധനകാര്യ മന്ത്രി ശ്രീ. ചിദംബരം ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞത് ചരിത്രം. എന്നാൽ മുഖർജി കെട്ടിപ്പടുത്ത AIRRBEA സംഘടന, മുഖർജി കാണിച്ചു തന്ന പോരാട്ടപാതയിലൂടെ സഞ്ചരിച്ച് കൊണ്ട് തന്നെ പെൻഷൻ എന്ന അവകാശം നേടിയെടുത്തു. 2018 ഏപ്രിൽ 25ന് ബഹു. സുപ്രീംകോടതി വിധി പ്രഖ്യാപിച്ചപ്പോൾ ഗ്രാമീണ ബാങ്ക് ജീവനക്കാരും വിരമിച്ച ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും അത്യന്തം ആഹ്ലാദത്തോടെ മുഴക്കിയ മുദ്രാവാക്യം സ. മുഖർജി സിന്ദാബാദ്, AIRRBEA സിന്ദാബാദ് എന്നു തന്നെയാണ്. സ. മുഖർജി ബാങ്കിങ്ങ് മേഖലയിലെ തന്നെ ആരാധ്യനായ നേതാവായിരുന്നു.

1976 ൽ ഗ്രാമീണ ബാങ്കിൽ ചേരുന്നതിനു മുൻപേ സംസ്ഥാനസർവ്വീസിലും എൽഐസി യിലും ജോലി ചെയ്യുകയും അവിടങ്ങളിലെല്ലാം ശക്തമായ തൊഴിലാളി സംഘടനാപ്രവർത്തനത്തിൽ വ്യാപൃതമാവുകയും ചെയ്തതിനുശേഷമാണ് ഗ്രാമീണ ബാങ്കിൽ ചേരുന്നത്. 1978ൽ AIRRBEA സംഘടനരൂപീകരിച്ചു.1980ൽ ഒന്നാം സമ്മേളനം കണ്ണൂരിൽ വെച്ചാണ് നടന്നത് . സ. അസിസ് സെൻ പ്രസിഡണ്ടും സ. ദിലീപ് കുമാർ മുഖർജി ജനറൽ സെക്രട്ടറിയും ആയി തിരഞ്ഞെടുക്കപ്പെട്ടു.

അന്ന് ആ സമ്മേളനത്തിൽ പ്രഖ്യാപിച്ച 'തുല്യജോലിക്കു തുല്യവേതനം' എന്ന മുദ്രാവാക്യമാണ്, വിശ്രമമില്ലാത്ത പോരാട്ടങ്ങൾക്കൊടുവിൽ നമുക്ക് കരഗതമായത്. അന്നത്തെ 196 ഗ്രാമീണ ബാങ്കുകൾ ഇന്ന് 43 ബാങ്കുകളായി ചുരുങ്ങിയിട്ടുണ്ട്. ഓരോ സംസ്ഥാനങ്ങളിലും ഒരു ഗ്രാമീണബാങ്കും അതിന്റെ apex body ആയി നാഷണൽ റൂറൽ ബാങ്ക് എന്ന AIRRBEA നിലപാടുകൾക്ക് ശാസ്ത്രീയമായ വിശദീകരണം നൽകിയത് സ. മുഖർജി ആയിരുന്നു.

നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ സ്ഥാപിക്കുക എന്ന മുദ്രാവാക്യം ശാശ്വതീകരിക്കുന്നതിയായുള്ള പോരാട്ടങ്ങൾ അവസാനപാതയിലേക്ക് എത്തിച്ചേരുന്ന ഘട്ടത്തിൽ ഗ്രാമീണ ബാങ്കുകളേയും സ്വകാര്യമുതലാളിമാരുടെ കൈകളിലെത്തിക്കാൻ തത്രപ്പെടുകയാണ് കേന്ദ്ര ഭരണാധികാരികൾ. ഇതിനെതിരെ ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ ഭൂരിപക്ഷ സംഘടനയായ AIRRBEA ശക്തമായ പ്രതിരോധം തീർത്തുകൊണ്ട് മുന്നോട്ടു വരുന്ന സന്ദർഭത്തിൽ സ. മുഖർജിയുടെ ദീപ്തമായ സ്മരണകൾ ആ പോരാട്ടങ്ങൾക്കു ശക്തിയേകും എന്ന കാര്യത്തിൽ തർക്കമില്ല.

**ഇതിന്റെ കൂടി ഫലമായാണ് കഴിഞ്ഞ 10 വർഷത്തിനിടയിൽ AIRRBEA സംഘടനയിലേക്ക് പതിനായിരത്തിലധികം മെമ്പർഷിപ്പുകൾ അധികമായി ഒഴുകിയെത്തിയത്.**

**ഈ സന്ദർഭത്തിൽ മാർച്ച് 26 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ മുഴുവൻ സഖാക്കളും പങ്കെടുത്ത് പരിപാടി ഗംഭീര വിജയമാക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.**

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**നരേന്ദ്രൻ സി പി**
ജനറൽ സെക്രട്ടറി
KGBRF, 94956 55709

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184